പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1791 — 18.06.2012 ൽ മറുപടിക്ക്

## കൈക്കൂലി കേസിൽ പ്രതികളായ പോലിസ് ഉദ്യോഗസ്ഥർ

| ചോദ്യം<br>ശ്രീമതി കെ. എസ്. സലീഖ | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
|---|---|
| (എ) കേരളത്തിലെ പോലീസ് സേനയിൽ ക്രിമിനൽ കേസുകളിൽ പ്രതികളായ എത്ര പോലീസ് ഉദ്യോഗസ്ഥരുണ്ട്; പുരുഷൻമാർ എത്ര, സ്ത്രീകളെത്ര എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (എ) കേരളത്തിലെ പോലീസ് സേനയിൽ ക്രിമിനൽ കേസുകളിൽ പ്രതികളായി 668 പോലീസ് ഉദ്യോഗസ്ഥരുണ്ട്. പുരുഷൻമാരുടെയും സ്ത്രീകളുടെയും ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഇതിൽ സിവിൽ പോലീസ് ഓഫീസർ മുതൽ ഐ.ജി വരെയുള്ളവർ എത്രവീതമെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ; | (ബി) സിവിൽ പോലീസ് ഓഫീസർ - 368, സീനിയർ സിവിൽ പോലീസ് ഓഫീസർ - 143,<br>അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ - 81,<br>സബ് ഇൻസ്പെക്ടർ - 61,<br>സർക്കിൾ ഇൻസ്പെക്ടർ - 7,<br>ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് - 10,<br>ജില്ലാ പോലീസ് മേധാവി -1,<br>ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ -1 |
| (സി) ക്രിമിനൽ കേസിൽ പ്രതിയായിട്ടുള്ള ഐ.പി.എസ്സ് ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) ശ്രീ. ഇ ജെ. ജയരാജ്, ഐ.പി.എസ്., ഡി.ഐ.ജി., എ.പി. ബറ്റാലിയൻ ആണ് ക്രിമിനൽ കേസിൽ പ്രതിയായ ഏക ഐ.പി.എസ്. ഉദ്യോഗസ്ഥൻ |

| | |
|---|---|
| (ഡി) കൊലപാതക കേസുകൾ, പീഡന കേസുകൾ, സി.ബി.ഐ. അന്വേഷണം, വിജിലൻസ് കേസുകൾ, മണൽ വാരൽ കേസുകൾ, പത്രപ്രവർത്തകരെ ആക്രമിച്ചതു സംബന്ധിച്ച കേസുകൾ, തീവ്രവാദ കേസുകൾ, ഗുണ്ടാബന്ധവുമായി ബന്ധപ്പെട്ട കേസുകൾ, എക്സൈസ്, ഫോറസ്റ്റ് കേസുകൾ എന്നിങ്ങനെ വിവിധ കേസുകളിൽ എത്ര പോലീസ് ഉദ്യോഗസ്ഥർ വീതമാണ് അന്വേഷണം നേരിടുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) 124 പോലീസ് ഉദ്യോഗസ്ഥർ. |

സെക്ഷൻ ഓഫീസർ

ജില്ലാടിസ്ഥാനം

| DIST | MEN | WOMEN | TOTAL |
|---|---|---|---|
| TVM C | 117 | 1 | 118 |
| TVM RL | 105 | 0 | 105 |
| PTA | 34 | 0 | 34 |
| KLM R | 13 | 1 | 14 |
| KLM C | 45 | 0 | 45 |
| ALP | 78 | 1 | 79 |
| IDK | 14 | 0 | 14 |
| KTM | 71 | 2 | 73 |
| EKM CITY | 16 | 0 | 16 |
| EKM RL | 23 | 0 | 23 |
| TSR C | 27 | 1 | 28 |
| TSR R | 18 | 0 | 18 |
| PKD | 23 | 1 | 24 |
| MPM | 14 | 0 | 14 |
| KKD C | 9 | 0 | 09 |
| KKD RL | 8 | 0 | 08 |
| WYD | 14 | 0 | 14 |
| KNR | 19 | 1 | 20 |
| KSD | 14 | 0 | 14 |
| RLWYS | 2 | 0 | 02 |
| TOTAL | 664 | 8 | 672 |

കുറിപ്പ്-APSI Hashim എന്നയാൾക്ക് തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ ,ആലപ്പുഴ, ജില്ലകളിൽ കേസുള്ളതിനാൽ ടി മൂന്ന് ജില്ലകളിലും ടിയാന്റെ പേര് ഉൾപ്പെട്ടിട്ടുണ്ട്.ഡ്രൈവർ Hc 3121 നാസറുദീന് തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം റൂറൽ ജില്ലകളിലും .SI രാജൻ കെ അരമന എന്നയാൾക്ക് ആലപ്പുഴ, കോട്ടയം ജില്ലകളിലും കേസുള്ളതിനാൽ ടി ജില്ലകളിൽ ഇവരെ ഉൾപ്പെടുത്തിയിട്ടുണ്ട് (ആകെ നാല് പേർ കൂടുതൽ. 664-4= 660 )

ആയതിനാൽ ക്രിമിനൽ കേസിൽ ഉൾപ്പെട്ട പുരുഷൻമാർ –660

ക്രിമിനൽ കേസിൽ ഉൾപ്പെട്ട സ്ത്രീകൾ –08

ആകെ –668

സെക്ഷൻ ഓഫീസർ